(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മടിക്കൈ പഞ്ചായത്തിലെ പുളിക്കാൽ ക്രോസ്ബാർ-കം-ബ്രിഡ്ജ് കോൺക്രീറ്റ് തൂണുകൾ തകർന്ന് അപകടാവസ്ഥയിലാണെന്ന കാര്യവും ക്രോസ് ബാർ ചോർച്ചയുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് അടിയന്തരമായും നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്. ഇതിന്റെ അറ്റകുറ്റപ്പണികൾ നടത്തി കാര്യക്ഷമമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വടക്കാഞ്ചേരി, വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി

136 (2345) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി, വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് എസ്.എൽ.എസ്.എസ്.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടിയുടേതാണ് പദ്ധതി രൂപരേഖ ;

(ബി) പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വടക്കാഞ്ചേരി, വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകൾക്കുവേണ്ടി മംഗലം ഡാം സ്രോതസ്സായ ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 20 കോടി രൂപയ്ക്ക് എസ്.എൽ.എസ്.എസ്.സി. അംഗീകാരം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രോജക്ടിൽ കണ്ണമ്പ്ര പഞ്ചായത്തിനെ ഉൾപ്പെടുത്തിയിരുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണപ്ര പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി എസ്.എൽ.എസ്.എസ്. സി. അനുവദിച്ച പ്രകാരം 20 കോടി രൂപയിൽ ഒന്നാംഘട്ടം നിജപ്പെടുത്തി 2012-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയെങ്കിലും വാട്ടർ അതോറിറ്റിയിൽ സി.പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ അതിനനുസരിച്ച് എഞ്ചിനീയറിംഗ് റിപ്പോർട്ട് പുതുക്കി തയ്യാറാക്കിവരുന്നു. കിഴക്കന്പേരി, വടക്കന്പേരി, വണ്ടാഴി, കണ്ണപ്ര എന്നീ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ 162 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാല, മംഗലം ഡാമിൽനിന്നും വെള്ളം എടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ, 4 പഞ്ചായത്തുകളിലും ഉന്നതതലജല സംഭരണികൾ, ഇതിലേക്ക് വെള്ളം എത്തിക്കുന്നതിനുള്ള പമ്പിംഗ് മെയിനുകൾ, ജലശുദ്ധീകരണശാലയിലേക്കും ജലശുദ്ധീകരണശാലയിൽനിന്ന് ജലസംഭരണിയിലേക്കും വെള്ളം പമ്പ് ചെയ്യുന്നതിനുള്ള പമ്പ് സെറ്റുകൾ എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ.

(സി) കണ്ണപ്ര പഞ്ചായത്ത് കൂടി ഉൾപ്പെടുത്തിയ പുതിയ പ്രോജക്ടിന് ഭരണാനുമതി ലഭിച്ചിട്ടില്ല. സി.പി.ഡബ്ല്യു.ഡി. നിരക്ക് പ്രകാരം പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ജല ശുദ്ധീകരണശാലയും ജലസംഭരണിയും മംഗലം ഡാം പരിസരത്ത് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്താണ് വിഭാവനം ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

സംരക്ഷണഭിത്തി നിർമ്മാണം

137 (2346) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തോട്ടുകളുടെയും മറ്റും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എത്ര രൂപ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം ചെലവഴിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് രൂപ വിവരിക്കുമോ ;

(ബി) മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിലേക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; ഓരോ വർഷവും രൂപ എത്രയെന്ന് വിവരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly